LIBRARY ARCHIVES Kerala Legislative Assembly

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

20 [600] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നവോദയ വിദ്യാലയത്തിന് സമാനമായി എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം;

(ബി) ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ സ്കൂളുകളിൽ നടക്കുന്നത്;

(സി) പുതിയ എം.ആർ.എസ്. തുടങ്ങുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ചടയമംഗലം നിയോജകമണ്ഡലത്തിലെ ചിതറ ഗ്രാമപഞ്ചായത്തിലെ, പഞ്ചായത്ത് സൗജന്യമായി 8 ഏക്കർ സ്ഥലവും താൽക്കാലിക ക്ലാസ്സ് തുടങ്ങുന്നതിനുള്ള സൗകര്യവും വാഗ്ദാനം ചെയ്ത ചക്കമലയിൽ എം.ആർ.എസ്. അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നവോദയ വിദ്യാലയത്തിന് സമാനമായ രീതിയിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല. എന്നാൽ തിരുവനന്തപുരം ജില്ലയിൽ ഞാറനീലിയിൽ ഡോ. അംബേദ്കർ വിദ്യാനികേതൻ എന്ന പേരിൽ സി.ബി.എസ്.ഇ. സിലബസ് പ്രകാരം ഒരു സ്കൂൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഒന്നാം ക്ലാസ്സ് മുതൽ ഈ സ്കൂളിൽ താമസിപ്പിച്ച് അവർക്ക് സി.ബി.എസ്.ഇ. സിലബസിൽ ഇംഗ്ലീഷ് മാധ്യമത്തിൽ വിദ്യാഭ്യാസം നൽകുകയും, അവരുടെ കലാകായിക വാസനകൾ വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്യുന്നു. ഇതിന്റെ മുഴുവൻ ചെലവുകളും സർക്കാരാണ് വഹിക്കുന്നത്.

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

പന്തളം ചേരിക്കലിൽ പ്രവർത്തിക്കുന്ന ഐ. ടി. സി.

21 [601] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം ചേരിക്കലിൽ പ്രവർത്തിക്കുന്ന പട്ടികജാതി വകുപ്പിൻകീഴിലുള്ള ഐ.ടി.സി.-യിൽ പുതിയ കോഴ്സ് ആരംഭിക്കുമെന്ന തീരുമാനം നാളിതുവരെ നടപ്പാക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;